## പാലോട് റ്റി.ബി.ജി.ആർ.ഐ.യിലെ ഡയറക്ടർ നിയമനം

58 (1410) ശ്രീ. എൻ. ശക്തൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ കീഴിലുള്ള പാലോട് ട്രോപ്പിക്കൽ ബൊട്ടാണിക് ഗാർഡൻ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ (റ്റി.ബി.ജി.ആർ.ഐ.) എന്തൊക്കെ പ്രവർത്തനങ്ങളാണ് നടക്കുന്നത് ; ഇവിടെ ഏതുതരം ഗവേഷണ പ്രവർത്തനങ്ങൾക്കാണ് പ്രാമുഖ്യം നൽകി വരുന്നത് ;

(ബി) റ്റി.ബി.ജി.ആർ.ഐ.യുടെ ഡയറക്ടർ തസ്തികയിലേയ്ക്ക് നിയമിക്കപ്പെടുന്നതിനുള്ള അടിസ്ഥാനയോഗ്യത എന്താണ് ;

(സി) മുൻകാലങ്ങളിൽ നിശ്ചിത അടിസ്ഥാനയോഗ്യതയില്ലാത്തവരെ ഡയറക്ടർ നിയമനത്തിന് പരിഗണിച്ചിട്ടുണ്ടോ ;

(ഡി) റ്റി.ബി.ജി.ആർ.ഐ.യുടെ ഡയറക്ടറുടെ കാലാവധി നിജപ്പെടുത്തിയിരിക്കുന്നത് എപ്രകാരമാണ് എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) റ്റി.ബി.ജി.ആർ.ഐ.യിൽ ഭാരതത്തിലെ പൊതുവേ കേരളമുൾപ്പെടുന്ന പശ്ചിമഘട്ട പ്രദേശങ്ങളിലെ സസ്യ സമ്പത്തിന്റെ വിശിഷ്യ വംശനാശം സംഭവിച്ചു കൊണ്ടിരിക്കുന്ന ചെടികളുടെ സംരക്ഷണവും സുസ്ഥിര ഉപയോഗവും സംബന്ധിച്ച പഠനവും അവ പൊതുജനങ്ങൾക്ക് പ്രായോഗിക തലത്തിൽ എത്തിക്കുന്നതിന് വേണ്ട ഗവേഷണ പ്രവർത്തനങ്ങളുമാണ് നടക്കുന്നത്. പൊതുജനാരോഗ്യത്തിന് പ്രയോജനപ്പെടുന്ന വിധത്തിൽ സസ്യ സംബന്ധിയായ ഔഷധങ്ങളുടെ കണ്ടുപിടിത്തത്തിന് പ്രാമുഖ്യം നൽകുന്നു.

(ബി) സസ്യശാസ്ത്രത്തിൽ ഗവേഷണ ബിരുദം. ഒരു ഗവേഷണ സ്ഥാപനത്തിലെ പതിനഞ്ചു വർഷത്തെ പ്രവൃത്തി പരിചയം അഭികാമ്യമായിരിക്കും. പ്രത്യേക സാഹചര്യത്തിൽ മികച്ച പ്രവർത്തനനേട്ടങ്ങൾ കൈവരിച്ചിട്ടുള്ള പ്രതിഭകളേയും പരിഗണിക്കും.

(സി) ഇല്ല.

(ഡി) സാധാരണഗതിയിൽ അഞ്ചുവർഷം ആയിരിക്കും.

## ശാസ്ത്ര സാങ്കേതിക പരിസ്ഥിതി വകുപ്പുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളിലെ നിയമനം

59 (1411) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശാസ്ത്ര സാങ്കേതിക പരിസ്ഥിതി വകുപ്പുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ ഇപ്പോൾ സ്ഥിരം, ഡെപ്യൂട്ടേഷൻ, കോൺട്രാക്ട്, ദിവസ വേതനം എന്നീ വിഭാഗങ്ങളിൽ എത്ര പേർ ജോലി ചെയ്യുന്നു ; ഇവരുടെ കാറ്റഗറി തിരിച്ചുള്ള വിവരങ്ങൾ വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ സ്ഥാപനങ്ങളിലെ നിയമനത്തിനും പ്രൊമോഷനും വേണ്ടി സ്പെഷ്യൽ റൂളുകൾ അംഗീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്ത് വ്യവസ്ഥയിലാണ് നിയമനവും പ്രൊമോഷനും നടത്തുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) ഈ നിയമനങ്ങളിൽ സംവരണ തത്വം പാലിച്ചിട്ടുണ്ടോ ; എങ്കിൽ സമുദായം തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ) വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ റൂളുകൾ പ്രകാരമാണ് നിയമനങ്ങളും പ്രൊമോഷനും നടത്തുന്നത്.

(സി) ഇത് സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചുവരുന്നു.

**ഐ.ടി. വികസനത്തിനായി ആവിഷ്ക്കരിച്ച പദ്ധതികൾ**

**60 (1412)** ശ്രീ. ബി. രാഘവൻ :
ശ്രീ. കെ. കെ. ദിവാകരൻ :
ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാരിന്റെ ഐ.ടി. നയം പ്രഖ്യാപിച്ചതിനുശേഷം ഐ.ടി. വികസനത്തിനായി ആവിഷ്ക്കരിച്ച പദ്ധതികൾ വിശദമാക്കുമോ ;

(ബി) ചെറുകിട ഐ.ടി. പാർക്കുകൾ വികസിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ;

(സി) കൊല്ലം ടെക്നോപാർക്ക് എന്നത്തേയ്ക്ക് പ്രവർത്തനമാരംഭിക്കുമെന്ന് വെളിപ്പെടുത്തുമോ ;

(ഡി) മലബാറിന്റെ ഐ.ടി. വികസനത്തിനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണ് ;

(ഇ) കേരളത്തെ ഒരു ഐ.ടി. ഡെസ്റ്റിനേഷനായി ഉയർത്തിക്കാട്ടുന്നതിന് ആവശ്യമായ പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പാക്കുമോ ?

ഉത്തരം

(എ &ബി) സംസ്ഥാനത്ത് ഐ.ടി. വികസനത്തിനായി നിരവധി പദ്ധതികൾ ഈ സർക്കാർ ആവിഷ്ക്കരിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) 2010 ഡിസംബറിൽ പ്രവർത്തിച്ചു തുടങ്ങാനാകുമെന്ന് കരുതുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly